ഡി.ആർ.ഡി.എ.-കളുടെ ഘടനയിലും പ്രവർത്തനങ്ങളിലും വരുത്തിയ മാറ്റം

7 (*756) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഡി.ആർ.ഡി.എ.-കളുടെ ഘടനയിലും പ്രവർത്തനങ്ങളിലും എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഡി.ആർ.ഡി.എ. ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതലയാണ് വഹിക്കുന്നതെന്ന് അറിയിക്കാമോ ;

(ഡി) വിവിധ ഏജൻസികളിൽനിന്നും ലഭിക്കുന്ന പണം ഡി.ആർ.ഡി.എ. എപ്രകാരമാണ് ചെലവഴിക്കുന്നതെന്നും എവിടെയാണ് നിക്ഷേപിക്കുന്നതെന്നും വെളിപ്പെടുത്തുമോ ;

(ഇ) വിവിധ ഏജൻസികൾ മുഖേന 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ എന്തുതുക ചെലവഴിച്ചു ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ&ബി) ഇല്ല. ഡി.ആർ.ഡി.എ.-കളുടെ ഭാവി സംബന്ധിച്ച കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഡി. ആർ. ഡി. എ. അഡ്മിനിസ്ട്രേഷൻ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഡി.ആർ.ഡി.എ.-കളുടെ ഭരണ സമിതി (ഗവേണിംഗ് ബോഡി) പുനഃസംഘടിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സംസ്ഥാനത്തെ ഡി.ആർ.ഡി.എ. മുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികൾ താഴെ പറയുന്നവയാണ് :

1. സ്വർണ്ണ ജയന്തി ഗ്രാമ റോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.)
2. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.)
3. സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.)
4. സമ്പൂർണ്ണ ശുചിത്വ യജ്ഞം
5. പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന (പി..എം.ജി.എസ.വൈ)
6. തരിശുഭൂമി വികസന പരിപാടി
7. ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ സ്കീം
8. ഗ്രാമീണ ഭവന നിർമ്മാണത്തിനുള്ള ക്രഡിറ്റ്-കം-സബ്സിഡി സ്കീം.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവിധ ഗ്രാമവികസന പദ്ധതികൾക്ക് കേന്ദ്രസംസ്ഥാന വിഹിതമായി ഡി.ആർ.ഡി.എ.-കൾക്ക് ലഭിക്കുന്ന പണത്തിൽ ഡി.ആർ.ഡി.എ.-യുടെ ഭരണ ചെലവ്, പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന നടപ്പാക്കുന്നതിനുള്ള ചെലവ് എന്നിവ ഡി.ആർ.ഡി.എ.-കൾ നേരിട്ടും, തരിശുഭൂമി വികസന പരിപാടിയുടെ നടത്തിപ്പിനുള്ള ചെലവ് ജില്ലാതല നീർത്തട വികസന സമിതി മുഖേനയും മറ്റു പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ മുഖേനയും പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിക്കുന്നു. ഡി.ആർ.ഡി.എ.-കൾക്ക് ലഭിക്കുന്ന പണം ബാങ്ക് അക്കൗണ്ടുകളിലും ട്രഷറി അക്കൗണ്ടുകളിലുമാണ് നിക്ഷേപിക്കുന്നത്.

(ഇ) ഡി.ആർ.ഡി.എ. മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു :

2001-02	..	185.73 കോടി രൂപ
2002-03	..	187.16 കോടി രൂപ

2002-2003 സാമ്പത്തികവർഷം ചെലവഴിച്ച തുകയിൽ യൂണിസെഫിൽ നിന്നും കാസർഗോഡ്, മലപ്പുറം ഡി.ആർ.ഡി.എ.-കൾക്ക് ലഭിച്ച 25 ലക്ഷം രൂപയും ഉൾപ്പെടുന്നു.

സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാനായി നിയമനിർമ്മാണം

8 (*757) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന സ്വകാര്യ ആശുപത്രികളെ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ ഗവൺമെന്റിന്റെ കൈവശമുണ്ടോ ;

(ബി) ഇവയുടെ പ്രവർത്തനങ്ങളിൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണങ്ങളുണ്ടോ ;

(സി) സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളെ സാമ്പത്തികമായി ചൂഷണം ചെയ്യുന്നതിനുവേണ്ടി ആശ്യമില്ലാത്ത വലിയ ചെലവു വരുന്ന ടെസ്റ്റുകൾ നടത്തുന്നതിനും പരിധിയിൽ കവിഞ്ഞ മുറിവാടകയും മറ്റും ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ആതുര ശുശ്രൂഷ എന്ന ലക്ഷ്യംവിട്ട് കൊള്ളലാഭമുണ്ടാക്കുന്ന ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള നിയമം നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ആയതിനുവേണ്ട നിയമനിർമ്മാണം നടത്തി ജനങ്ങളെ ചൂഷണം ചെയ്തുനടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly